Handling and Care of Elephants

© Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIV / വാല്യം 54 | Thiruvananthapuram, Friday / തിരുവനന്തപുരം, വെള്ളി | 12th June 2009 / 2009 ജൂൺ 12 / 22nd Jyaishta 1931 / 1931 ജ്യേഷ്ഠം 22 | No. / നമ്പർ 1056

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (ആർറ്റി.) നമ്പർ 772/2009/തൊഴിൽ. തിരുവനന്തപുരം, 2009 ജൂൺ 9.

എസ്. ആർ. ഒ. നമ്പർ 483/2009.—1948-ലെ മിനിമം വേജസ് ആക്ടിലെ (1948-ലെ 11-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും, പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2002 ഏപ്രിൽ 30-ാം തീയതിയിലെ 571-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 324/2002 ആയി പ്രസിദ്ധീകരിച്ചതും 2002 ഏപ്രിൽ 24-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 928/2002/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, 2009 ജനുവരി 8-ാം തീയതിയിലെ 61-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008 ഡിസംബർ 23-ാം തീയതിയിലെ 13042/ഇ1/08/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷവും കൂടാതെ പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച ശേഷവും സംസ്ഥാനത്തെ ആനകളുടെ

പരിപാലനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. പ്രസ്തുത നിരക്കുകൾക്ക് 2009 ഏപ്രിൽ 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

## പട്ടിക

1. പ്രതിമാസ അടിസ്ഥാന ശമ്പളം

| | | | |
|---|---|---|---|
| (1) | ഒന്നാം പാപ്പാൻ | .. | 4000 രൂപ |
| (2) | രണ്ടാം പാപ്പാൻ | .. | 3815 രൂപ |

2. ക്ഷാമബത്ത

അടിസ്ഥാന ശമ്പളത്തിനു പുറമേ സംസ്ഥാന സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃ വില സൂചികയിലെ 125 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 21.32 രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

3. സർവ്വീസ് വെയിറ്റേജ്

ഒരു സ്ഥാപനത്തിൽ അഥവാ ഒരു തൊഴിലുടമയുടെ കീഴിൽ, ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ 5 വർഷമോ അതിലധികമോ തുടർച്ചയായ സേവന കാലയളവുള്ള തൊഴിലാളികൾക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനകാലയളവിനും പുതുക്കിയ അടിസ്ഥാന ശമ്പളത്തിന്റെ അര ശതമാനം വീതം പരമാവധി 15 ശതമാനം തുക അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് ആയി നൽകേണ്ടതാണ്.

4. ഇൻഷുറൻസ് പദ്ധതി

ആന പരിപാലനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികൾക്കും വേണ്ടി ലൈഫ് ഇൻഷുറൻസ് പോളിസി എടുക്കേണ്ടതും ഈ പോളിസിക്കുള്ള പ്രീമിയം ആനയുടെ ഉടമ തന്നെ യഥാസമയം അടയ്ക്കേണ്ടതുമാണ്.

5. സൗജന്യ വൈദ്യസഹായം

ഓരോ തൊഴിലാളിക്കും അയാളുടെ കുടുംബാംഗങ്ങൾക്കും പ്രതിവർഷം 900 രൂപയിൽ കുറയാത്ത സൗജന്യ വൈദ്യസഹായം നൽകുവാൻ ആനയുടമ ബാധ്യസ്ഥനായിരിക്കുന്നതാണ്. തൊഴിലാളിയുടെ കുടുംബാംഗങ്ങൾ എന്നാൽ അയാളുടെ ഭാര്യ, അവിവാഹിതരായ പെൺമക്കൾ, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, മാതാപിതാക്കൾ എന്നിവർ ഉൾപ്പെടുന്നു.

6. യൂണിഫാറം

പ്രതിവർഷം രണ്ട് മുണ്ടും രണ്ട് ഷർട്ടും രണ്ട് തോർത്തും ആനയുടമ ഓരോ തൊഴിലാളിക്കും സൗജന്യമായി നൽകേണ്ടതാണ്.

7. ഏതെങ്കിലും തൊഴിലാളിക്ക് ദിവസവേതനം കണക്കാക്കേണ്ടി വരികയാണെങ്കിൽ മൊത്തം മാസശമ്പളത്തെ 26 കൊണ്ട് ഹരിച്ച് കണക്കാക്കേണ്ടതാണ്.

8. മേൽപ്പറഞ്ഞ വേതനത്തിലും ആനുകൂല്യത്തിലും കവിഞ്ഞ വേതനമോ ആനുകൂല്യമോ ഏതെങ്കിലും തൊഴിലാളിക്ക് ഏതെങ്കിലും ആനയുടമയിൽ നിന്നും ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനവും ആനുകൂല്യവും തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ ആനകളുടെ പരിപാലനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മിനിമം വേതനം 2002 ഏപ്രിൽ 24-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 928/2002/തൊഴിൽ വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. 1948-ലെ മിനിമം വേജസ് ആക്ടിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം പ്രസ്തുത മേഖലയിലെ നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.